**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2017** **14-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരിന്തബാധിതർക്കുള്ള വീട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലെ ദുരന്തബാധിതർക്ക് വീടുവച്ചു നൽകുന്നതിനുള്ള ഗവൺമെന്റിന്റെയും മറ്റ് സന്നദ്ധ സംഘടനകളുടെയും പ്രഖ്യാപനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | മേപ്പാടി പഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻ തത്വത്തിൽ അംഗീകാരം നല്കുകയും, വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം.28, സർവ്വേ നം. 366 ൽപ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നം. 19, സർവ്വേ നം. 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും ദുരന്ത നിവാരണ നിയമം 2005 പ്രകാരം possession ഏറ്റെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase 1) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഒന്നും രണ്ടും ഘട്ടങ്ങളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്. ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് വീട് നിർമ്മിച്ചുനല്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരുടെ സഹകരണവും പുനരധിവാസ പ്രക്രിയയിൽ ഉറപ്പാക്കും. |

സെക്ഷൻ ഓഫീസർ